**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6000** **17-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയ്ക്ക് നൽകുന്ന തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 5475-00-115-96 എന്ന ബജറ്റ് ശീർഷകത്തിൽ കിഫ്ബി-യ്ക്ക് പണം നൽകുന്നുണ്ടോ; എങ്കിൽ ഏത് ഇനത്തിലാണ് ഇപ്രകാരം പണം കൈമാറുന്നത്; | (എ) | 2021-22 സാമ്പത്തിക വർഷം “5475-00-115-96-NP(V) ബാധ്യത തീർക്കുന്നതിനും തിരിച്ചടവിനുമായി കേരള ഇൻഫ്രാസ്ടക്ച്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡിനുള്ള വിഹിതം “ എന്ന ശീർഷകത്തിൽ 322.07 കോടി രൂപ അനുവദിച്ചിരുന്നു. 2021-22 സാമ്പത്തികവർഷം മാത്രമേ തുക നൽകിയിട്ടുള്ളൂ. കോവിഡ് ബാധ മൂലം 2020-21 വർഷത്തിൽ മോട്ടോർ വാഹന നികുതിയിനത്തിലും പെട്രോൾ/ ഡീസൽ സെസിനത്തിലും കിഫ്ബിക്ക് നൽകേണ്ട വിഹിതത്തിൽ കാര്യമായ കുറവുണ്ടായിരുന്നു. കിഫ്ബിയുടെ എ.എൽ.എം മോഡൽ പ്രകാരം പ്രതീക്ഷിച്ചിരുന്ന വരുമാനത്തിൽ ഇപ്രകാരമൊരു കുറവുണ്ടായതിനെ തുടർന്ന് 2021-22 ൽ 5475-00-115-96 NP(V) ബാധ്യത തീർക്കുന്നതിനും തിരിച്ചടവിനുമായി കേരള ഇൻഫ്രാസ്ടക്ച്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡിനുള്ള വിഹിതം എന്ന ശീർഷകത്തിൽ 322.07 കോടി അനുവദിച്ചിരുന്നു. |
| (ബി) | നാളിത് വരെ ഈ ശീർഷകത്തിൽ പണം കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറിയ തുക എത്രയെന്ന് വിശദമാക്കുമോ? | (ബി) | 2021-22 സാമ്പത്തികവർഷം മാത്രമേ തുക നൽകിയിട്ടുള്ളൂ(322.07 കോടി രൂപ). |

സെക്ഷൻ ഓഫീസർ